ത്തിൽ പ്രകൃതിസംരക്ഷണസമിതിയുമായി ചേർന്ന് തീരദേശ സംരക്ഷണത്തിനും കടലാമയെ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കണ്ടൽവന സംരക്ഷണത്തിന് 60,251/- രൂപയും കടലാമ സംരക്ഷണത്തിന് 99,565/- രൂപയും 1998-99 ൽ ചെലവായിട്ടുണ്ട്.

**76 (1525) 'ഈറ്റ-ചൂരൽ വ്യവസായം'**

ശ്രീ. എൻ. കണ്ണൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഈറ്റ-ചൂരൽ വ്യവസായം ഈറ്റ-ചൂരൽ എന്നിവ ലഭിക്കാത്തതുമൂലം നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വനങ്ങളിൽ ചൂരൽ വളർത്താനും പരിരക്ഷിക്കാനും സർക്കാർ തലത്തിൽ ഇപ്പോൾ എന്തെങ്കിലും നടപടികൾ ഉണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കേരളത്തിലെ വ്യവസായങ്ങൾക്കാവശ്യമായ ചൂരൽ ആസ്സാമിൽ നിന്നും മറ്റുമാണ് ഇപ്പോൾ ഇറക്കുമതി ചെയ്യുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിലെ വനപ്രദേശങ്ങളിൽ ചൂരൽ വളർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പശ്ചിമഘട്ട വികസന പദ്ധതിയിലും ലോകബാങ്ക് സഹായത്തോടുകൂടിയുള്ള കേരളാ ഫോറസ്ട്രി പ്രോജക്ട് പ്രകാരവും ഈറ്റ, ചൂരൽ, മുള എന്നിവ വളർത്താനും പരിരക്ഷിക്കാനുമുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇപ്പോൾ തന്നെ നടപടി സ്വീകരിച്ച് നടപ്പാക്കിവരുന്നുണ്ട്.

**77 (1526) "മണൽ വാരുന്നതിന് നിയന്ത്രണം"**

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനഭാഗങ്ങളിലുള്ള നദികളിൽനിന്നും മണൽ ശേഖരിക്കുന്നതും, ക്വാറികളിൽനിന്നും കല്ല് വിൽക്കുന്നതും സംബന്ധിച്ച കേന്ദ്രവനം മന്ത്രാലയത്തിന്റെ 10.7.97-ലെ എഫ്. (സി) എ/161/കെ.ഇ.ആർ. മിസലേനിയസ്, 1253 എന്ന നമ്പർ കത്തുപ്രകാരം എന്നുമുതലാണ് സംസ്ഥാ

LIBRARY ARCHIVES Kerala Legislative Assembly